# കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചളവറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ എസ് എ -പി കെ ഡി16-1885/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി-15.10.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചളവറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: ചളവറ ഗ്രാമപഞ്ചായത്തിന്റെ 15-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ മെയിൽ മുഖേന)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/1885/16 തീയതി-15.10.2016

<u>പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.06.2016 മുതൽ 09.09.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.9.2016 മുതൽ 27.09.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സർവ്വശ്രീ. കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| | എ.ബി സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |
| | കെ.പി.രാമകൃഷ്ണൻ | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സി.എസ്.അനില | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഹരിദാസൻ പി | 01.04.2015 മുതൽ 17.12.2015 വരെ |
| | ശ്രീമതി.വത്സല.പി | 19.12.2015 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീമതി. കെ.മിനി | 01.04.2015 മുതൽ 23.07.15 വരെ |
| | ശ്രീമതി.സുപ്രഭ. കെ. പി. അസി. സെക്രട്ടറി (I/C) | 24.07.15 മുതൽ 06.08.15 വരെ |
| | ശ്രീ.സജീവ്കുമാർ.കെ.ബി | 07.08.15 മുതൽ 31.03.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | അനുഷ.എ. ആർ. | 01.04.2015 മുതൽ 04.08.2015 വരെ |
| | പ്രഭാകരൻ.എൻ. | 05.08.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ഷിബു.എ.ആർ. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | അഞ്ജലി.ടി.നായർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ജിതിൻ രാമകൃഷ്ണൻ | 01.04.2015 മുതൽ 06.07.2015 വരെ |
| | ഡോ.മിനി | 07.07.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുമയ്യ.എ | 01.04.2015 മുതൽ 23.06.2015 വരെ |
| | ഡോ.ട്വിങ്കിൾ സുരേന്ദ് | 24.06.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ലേഖ ഗ്രിഗേറിയസ് | 01.04.2015മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | മായ.കെ.വി. | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഉഷാദേവി | 01.04.2015മുതൽ<br>31.03.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പാറുക്കുട്ടി.കെ. | 01.04.2015 മുതൽ<br>31.03.2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

# 1 പൊതു വിവരങ്ങൾ

1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23 .03.2015 തീയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.16 | 29.07.2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2015-16 | KSA PKD |

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 24009360

വരവ് -34564665

ആകെ -58574025

ചെലവ് -51643699

നീക്കിയിരിപ്പ് -6930326

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2053864 | 1725112 | 3778976 | 3778976 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 3377137 | 5321734 | 8698871 | 8698871 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 4497285 | 5870477 | 10367762 | 10367762 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 857492 | 1485460 | 2342952 | 2342952 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1301093 | 4298698 | 5599791 | 5599791 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 2874017 | 0 | 2874017 | 2874017 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 53022 | 561652 | 614674 | 597484 | 17190 | 100 |
| ബി ഫണ്ട് | 0 | 6981253 | 6981253 | 6981253 | 0 | 100 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 63464874 | 134 | 38554586 | 17 | 53 | 65.69 |

1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2974541 | 1853700 | 1120841(-) | 37.7 (-) |
| നികുതിയേതര വരവുകൾ | 1355024 | 1126613 | 228411 (-) | 16.8(-) |
| മറ്റുവരവുകൾ | 339949 | 709163 | 369214(+) | 108.6(+) |
| ആകെ | 4669514 | 3689476 | 98003 (+) | 2.09(+) |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 156600 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 3398160 | 427 |
| വിധവാ പെൻഷൻ | 9576080 | 968 |
| വാർദ്ധക്യകാല പെൻഷൻ | 8901330 | 1254 |
| വികലാംഗ പെൻഷൻ | 2417305 | 236 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1126120 | 114 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.16, 2.45pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7702/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ലഭിച്ച തപാലുകൾ രജിസ്റ്ററിൽ ചേർക്കുകയും സമയ പരിധിക്കകം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. തനതു വരുമാനം രേഖപ്പെടുത്തുന്ന അതാതു രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ടെന്റർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസിറ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ നിന്നും അസി.എഞ്ചിനീയർക്ക് ലഭിക്കുന്ന ടെന്റർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസിറ്റർ അസിസ്റ്റന്റ് എഞ്ചിനീയറും സൂക്ഷിക്കുന്നില്ല. വിവിധ മരാമത്തു പ്രവൃത്തികൾക്കായി തെരെഞ്ഞെടുക്കപ്പെടുന്ന കരാറുകാർ നിശ്ചിത കാലാവധിക്കകം എഗ്രിമെന്റ് വെക്കാനുള്ള നടപടികളിൽ പഞ്ചായത്ത് മുഴുവനായും വിജയിച്ചിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.16മുതൽ 24.06.16 വരെ | 04/16 മുതൽ 05/16 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.07.09 മുതൽ 03.08.09 വരെ | 2004-05 മുതൽ 2008-09 വരെ | എൽബിഎ(എച്ച്ക്യൂ) IV/8A-1451/179/ 26.08.2009 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെ ടി എൻ ഫാർമസി കോളേജ് - കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ചളവറ വില്ലേജിൽ (പുലിയാനംകുന്ന് ) 74/1, 67/6 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് കെ ടി എൻ ഫാർമസി കോളേജിനു വേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നം. A1-CP-187/08 (ഗ്രൌണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, ഹെഡ് റൂം എല്ലാം ഉൾപ്പെടെ 718.88ച.മീ), 188/08 (ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കണ്ട് ഫ്ലോർ, ഹെഡ് റൂം എല്ലാം ഉൾപ്പെടെ 5037.94ച.മീ), 189/08 (ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കണ്ട് ഫ്ലോർ, ഹെഡ് റൂം എല്ലാം ഉൾപ്പെടെ 2046ച.മീ), 190/08 (ഗ്രൗണ്ട് ഫ്ലോർ-112x4=448 ച.മീ), 191/08 (ഗ്രൗണ്ട് ഫ്ലോർ-63.7 ച.മീ) തിയതി 31.07.08 എന്നിവ പ്രകാരം അനുമതി നൽകുകയും പെർമിറ്റിന്റെ കാലാവധി 31.07.14 വരെയും പിന്നീട് 31.07.17 വരെയും (അധിക ഫീസ് ഈടാക്കി) ദീർഘിപ്പിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിലുൾപ്പെട്ട 1766.32 ച.മീ (ഗ്രൗണ്ട് ഫ്ലോർ- 883.16 ച.മീ, ഫസ്റ്റ് ഫ്ലോർ- 883.16 ച.മീ) വിസ്തീർണ്ണത്തിലുള്ള കെട്ടിടം പണി പൂർത്തീകരിച്ചതിനാൽ വൈദ്യുതീകരണത്തിനും ടെലഫോൺ കണക്ഷൻ ലഭ്യമാകുന്നതിനുമായി കെട്ടിട നമ്പർ അനുവദിക്കുന്നതിന് 14.05.10, 15.05.10 തീയതികളിൽ കെ ടി എൻ എജ്യൂക്കേഷണൽ ട്രസ്റ്റിനു വേണ്ടി ശ്രീ. പി. പി. പ്രേംകൃഷ്ണൻ കത്തു നൽകുകയും

അത് പ്രകാരം 7/527, 7/623 എന്നീ കെട്ടിട നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ബി പ്രകാരം സർക്കാർ വകയോ എയ്ഡഡോ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും മാത്രമാണ് വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത എല്ലാ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ വ്യവസ്ഥ ചെയ്യുന്നു.

31.07.17വരെ പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് കൊടുത്തിട്ടുണ്ടെങ്കിലും നിലവിൽ കോളേജ് പ്രവർത്തിച്ചു വരുകയും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. 24.09.2016-ാം തിയതി സെക്രട്ടറി, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം സ്ഥലം നേരിൽ പരിശോധിക്കുകയും സ്ഥാപനം പ്രവർത്തിക്കുന്നതായി ബോധ്യപ്പെടുകയും ചെയ്തു. കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണ സാക്ഷ്യപത്രം കൊടുക്കുകയോ സ്ഥാപനം പ്രവർത്തനം ആരംഭിക്കുകയോ ചെയ്യുകയാണെങ്കിൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും നികുതി ഈടാക്കേണ്ടതുമാണ്. എന്നിരിക്കെ 15.05.2010- ൽ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടും നാളിതുവരെ വസ്തുനികുതി ഈടാക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/22.09.2016) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടനികുതി ഈടാക്കാൻ വിട്ടുപോയിട്ടുള്ളത് ഉടൻ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ നികുതി അടിയന്തിരമായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപന നികുതി (2015-16 അർദ്ധവർഷം) |
|---|---|
| ഗോൾഡൻ | I & II |

| | |
|---|---|
| മോൾഡിങ്സ് | |
| ചളവറ ക്ഷീരോത്പാദന സഹകരണ സംഘം | II |
| പൗൾട്രി ഫാം, മൊയ്തീൻ, തോട്ടിങ്ങൽ, മണ്ണേങ്ങാട് | II |
| കേശവ്സ് ഓഡിറ്റോറിയം, പാലക്കാപ്പറമ്പ് | I & II |
| മോഹനം ഓഡിറ്റോറിയം | I & II |

2. പി ടി എം ഇംഗ്ലീഷ് മീഡിയം സ്കൂളിലെ (എൽ കെ ജി മുതൽ ഏഴാം തരം വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിച്ചുവരുന്നു) ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല
3. 2014-15 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന അംഗീകൃത കരാറുകാർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി റിട്ടേണുകൾ സ്ഥാപന മേധാവികളിൽ നിന്നും ലഭ്യമാക്കി വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകൾ- വസ്തുനികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2016-17 സാമ്പത്തികവർഷത്തിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ബിൽഡിങ്ങ് നം. | ടവർ |
|---|---|
| 4/388 | ഇൻഡസ് ടവർ |
| 6/406 | റിലയൻസ് മൊബൈൽ ടവർ |

| | |
|---|---|
| 7/417 | ഐഡിയ സെല്ലുലാർ |
| 7/529 | ഇൻഡസ് ടവർ |
| 11/200 | ബി എസ് എൻ എൽ ടവർ |
| 15/282 | ഐഡിയ മൊബൈൽ ടവർ |
| 15/503 | റിലയൻസ് ഇൻഫ്രാ ടെൽ |

*മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.* മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/24.09.2016)യ്ക്ക് നൽകിയ മറുപടിയിൽ, 2013-14 മുതൽ വസ്തുനികുതി അടവാക്കുവാനുണ്ടെന്നും പ്രസ്തുത നികുതി ഈടാക്കുന്നതിന് 10.08.16-ാം തിയതി പഞ്ചായത്ത് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി അടച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 2-4 ട്യൂട്ടോറിയൽ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ -രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ (സ്വകാര്യ ആശുപത്രികളുടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടം 3 പ്രകാരം സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5 പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. രജിസ്റ്റർ ചെയ്യിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും നടത്തി വരുന്നുണ്ടെങ്കിൽ ചട്ടം 8 പ്രകാരമുള്ള ശിക്ഷാനടപടികൾ കൈക്കോള്ളേണ്ടതുമാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5-ൽ അനുശാസിക്കും പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ സഫയർ മെഡിക്കൽ സെന്റർ (ആശുപത്രി) രജിസ്ട്രേഷൻ ഇല്ലാതെ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഒരു ട്യൂട്ടോറിയൽ സ്ഥാപനവും രജിസ്ട്രേഷൻ എടുക്കുകയോ രജിസ്ട്രേഷൻ

പുതുക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന എല്ലാ ട്യൂട്ടോറിയൽ, സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും രജിസ്റ്റർ ചെയ്യാതെ നടത്തിപ്പോരുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടം അനുശാസിക്കും പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6. അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികൾക്കു വേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

1. പ്രവൃത്തിയുടെ പേര് :കാരംകുളം റോഡ് മെറ്റലിങ്$ ടാറിംഗ്

പ്രൊജക്റ്റ് നം : 174/16

അടങ്കൽ : 300000

പി.എ.സി :299961

ചെലവ് : 300000

ബിൽ നം : 55/16 dt 29.2.2016

എം.ബുക്ക് : 809/15-16

കരാറുകാരൻ : മുഹമ്മദ് മുസ്തഫ.പി

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 21.9.2015

എഗ്രിമെന്റ് വെച്ച തീയതി : 28.9.2015

ഈടാക്കേണ്ട പിഴ : 3000

ഈടാക്കിയ പിഴ : 0

ബാക്കി : 3000

2. പ്രവൃത്തിയുടെ പേര് : വീട്ടിക്കുന്ന് റോഡ് മെറ്റലിങ്& ടാറിങ്

പ്രൊജക്റ്റ് നം : 162/16

അടങ്കൽ : 300000

പി.എ.സി :299961

ചെലവ് : 299997

ബിൽ നം : 53/16 dt 12.2.2016

എം.ബുക്ക് : 806/15-16

കരാറുകാരൻ : മോഹൻദാസ്.കെ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി : രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 21.9.2015

എഗ്രിമെന്റ് വെച്ച തീയതി : 11.12.2015

ഈടാക്കേണ്ട പിഴ : 3000

ഈടാക്കിയ പിഴ : 0

ബാക്കി : 3000

3. പ്രവൃത്തിയുടെ പേര് : പുളികുളം ചേറമ്പറ്റക്കാവ് റോഡ് റീടാറിങ്

പ്രൊജക്റ്റ് നം : 210/16

അടങ്കൽ : 400000

പി.എ.സി :399620

ചെലവ് : 400000

ബിൽ നം : 84/16 dt 31.3.2016

ചെക്ക് നം :620724/dt.25.8.2016

എം.ബുക്ക് : 854/15-16

കരാറുകാരൻ : അബ്ദുൾ റഹ് മാൻ.പി

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 21.9.2015

എഗ്രിമെന്റ് വെച്ച തീയതി : 5.3.2016

ഈടാക്കേണ്ട പിഴ : 3996

ഈടാക്കിയ പിഴ : 0

ബാക്കി : 3996

4. <u>പ്രവൃത്തിയുടെ പേര് : തേലശ്ശേരിപറമ്പ് റോഡ് റീടാറിങ്</u>

പ്രൊജക്റ്റ് നം : 142/16

അടങ്കൽ : 300000

പി.എ.സി :299723

ചെലവ് : 299970

ബിൽ നം : 79/16 dt 26.3.2016

എം.ബുക്ക് : 845/15-16

കരാറുകാരൻ :ഗോപാലകൃഷ്ണൻ.വി.പി

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി : രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 21.9.2015

എഗ്രിമെന്റ് വെച്ച തീയതി : 29.9.2015

ഈടാക്കേണ്ട പിഴ : 2997

ഈടാക്കിയ പിഴ : 0

ബാക്കി : 2997

5. <u>പ്രവൃത്തിയുടെ പേര് : അക്കരക്കാട്ടിൽ മദ്രസ റോഡ് മെറ്റലിങ്& ടാറിങ്</u>

പ്രൊജക്റ്റ് നം : 136/16

അടങ്കൽ : 300000

പി.എ.സി :299961

ചെലവ് : 299700

ബിൽ നം : 76/16 dt 31.3.2016

എം.ബുക്ക് : 841/15-16

കരാറുകാരൻ : ഷൌക്കത്തലി

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി : രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :1.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 21.9.2015

എഗ്രിമെന്റ് വെച്ച തീയതി : 2.3.2016

ഈടാക്കേണ്ട പിഴ : 3000

ഈടാക്കിയ പിഴ : 0

ബാക്കി : 3000

6. പ്രവൃത്തിയുടെ പേര് : ചോലമുക്ക് റോഡ് റീടാറിങ്

പ്രൊജക്റ്റ് നം : 52/15, 38/16

അടങ്കൽ : 200000

പി.എ.സി :200000

ചെലവ് : 181470

ബിൽ നം : 16/15 dt 19.6.2015

എം.ബുക്ക് : രേഖപ്പെടുത്തിയിട്ടില്ല

കരാറുകാരൻ : കെ. ഗംഗാധരൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി : രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :19.11.2014

എഗ്രിമെന്റ് വെക്കേണ്ട തീയതി : 10.12.2014

എഗ്രിമെന്റ് വെച്ച തീയതി : 22.1.2015

ഈടാക്കേണ്ട പിഴ : 2000

ഈടാക്കിയ പിഴ : 0

ബാക്കി : 2000

7. <u>പ്രവൃത്തിയുടെ പേര് :പാലാട്ടുപടി കളത്തുംപടി റോഡ് ടാറിങ്</u>

പ്രൊജക്റ്റ് നം : 55/15, 39/16

അടങ്കൽ : 300000

പി.എ.സി :300000

ചെലവ് : 260700

ബിൽ നം : 14/15 dt 19.6.2015

എം.ബുക്ക് : രേഖപ്പെടുത്തിയിട്ടില്ല

കരാറുകാരൻ : കെ.ശശിധരൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി : രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :19.11.2014

എഗ്രിമെന്റ് വെക്കേണ്ട തീയതി : 10.12.2014

എഗ്രിമെന്റ് വെച്ച തീയതി : 2.1.2015

ഈടാക്കേണ്ട പിഴ : 3000

ഈടാക്കിയ പിഴ : 0

ബാക്കി : 3000

8. <u>പ്രവൃത്തിയുടെ പേര് : കണ്ണംതൊടി ആക്കുഴി റോഡ് മെറ്റലിങ് & ടാറിങ്</u>

പ്രൊജക്റ്റ് നം : 38/15, 34/16

അടങ്കൽ : 200000

പി.എ.സി :200000

ചെലവ് : 183800

ബിൽ നം : 11/15 dt 19.6.2015

എം.ബുക്ക് : രേഖപ്പെടുത്തിയിട്ടില്ല

കരാറുകാരൻ :റഷീദ്.എൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി : രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :19.11.2014

എഗ്രിമെന്റ് വെക്കേണ്ട തീയതി : 10.12.2014

എഗ്രിമെന്റ് വെച്ച തീയതി : 9.1.2015

ഈടാക്കേണ്ട പിഴ : 2000

ഈടാക്കിയ പിഴ : 0

ബാക്കി : 2000

9. <u>പ്രവൃത്തിയുടെ പേര് : കാക്കക്കുഴി റോഡ് മെറ്റലിങ്& ടാറിങ്</u>

പ്രൊജക്റ്റ് നം : 139/16

അടങ്കൽ : 200000

പി.എ.സി :199954

ചെലവ് : 200000

ബിൽ നം : 42/16 dt 25.1.2016

എം.ബുക്ക് : നമ്പർ രേഖപ്പെടുത്തിയിട്ടില്ല

കരാറുകാരൻ : അർമിയ സഹീർ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി : 4.9.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 18.9.2015

എഗ്രിമെന്റ് വെച്ച തീയതി : 26.9.2015

ഈടാക്കേണ്ട പിഴ : 2000/-

നിയമാനുസൃതം ഈടാക്കേണ്ട 24993/- രൂപ (3000+ 3000+ 3996+ 2997+ 3000+ 2000+ 3000+ 2000+ 2000) കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

# 3-2 <u>കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെന്റർ വ്യതിയാനം കുറവു ചെയ്തില്ല</u>

കരാറുകാരൻ സമർപ്പിച്ച ടെന്ററിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവു തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ തുക പ്രവൃത്തിമൂല്യത്തിൽ നിന്നും കുറവു ചെയ്തശേഷമുള്ള തുകയാണ് കരാറുകാരന് അനുവദിക്കേണ്ടത്.എന്നാൽ ഇപ്രകാരം ടെന്റർ വ്യതിയാനം

കുറവുചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചതുവഴി പദ്ധതി ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ പേര് : സി.പി.ആർ.എൽ.പി.എസ് റോഡ് മെറ്റലിംഗ്&ടാറിങ്

പ്രൊജക്റ്റ് നം : 135/16

അടങ്കൽ : 300000

പ്രവൃത്തിമൂല്യം :299141

ടെന്റർ വ്യതിയാനം: 0.1% (299രൂപ)

പിൻവലിക്കേണ്ട തുക :298842(299141-299=298842)

പിൻവലിച്ച തുക : 299141

അധികം പിൻവലിച്ച തുക : 299

ബിൽ നം :62/16 dt 29.2.2016

എം.ബുക്ക് : 835/15-16

കരാറുകാരൻ : ഹംസ.ടി.എം

2. പ്രവൃത്തിയുടെ പേര് : പൊരുതിയിൽ മനപ്പടി പട്ടത്തിക്കുന്ന് റോഡ് റീടാറിങ്

പ്രൊജക്റ്റ് നം : 208/16

അടങ്കൽ : 300000

പ്രവൃത്തി മൂല്യം : 300000

ടെന്റർ വ്യതിയാനം: 0.05% (150രൂപ)

ബിൽ നം : 51/16 dt 12.2.2016

പിൻവലിക്കേണ്ട തുക :299850

പിൻവലിച്ച തുക : 300000

അധികം പിൻവലിച്ച തുക : 150

എം.ബുക്ക് : 833/15-16

കരാറുകാരൻ : രമേഷ്.ഒ

3. പ്രവൃത്തിയുടെ പേര് : മംഗലത്തറ റോഡ് ടാറിംഗ്

പ്രൊജക്റ്റ് നം : 138/16

അടങ്കൽ : 300000

പ്രവൃത്തി മൂല്യം : 300000

ടെന്റർ വ്യതിയാനം: 0.05% (150രൂപ)

ബിൽ നം : 63/16 dt 29.2.2016

പിൻവലിക്കേണ്ട തുക :299850

പിൻവലിച്ച തുക : 300000

അധികം പിൻവലിച്ച തുക : 150 രൂപ

എം.ബുക്ക് : 834/15-16

കരാറുകാരൻ : രമേഷ്.ഒ

ടെന്റർ വ്യതിയാനം കുറവു ചെയ്യാത്തതിനാൽ കരാറുകാരന് അധികം നൽകിയ തുക 599രൂപ (150+150+299) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-3 സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയത് 25000/-രൂപ നിരാകരിയ്ക്കുന്നു

സർക്കാർ ഉത്തരവ് (എം.എസ്.) 4/2016 ത.സ്വ.ഭ.വ തീ. 11.01.16 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 15ലെ ഖണ്ഡിക 7-(7) പ്രകാരം ഉത്പാദനപരമല്ലാത്ത ക്യാമ്പുകൾ, മേളകൾ, സെമിനാറുകൾ, ഉല്ലാസ-പഠനയാത്രകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 2-3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും സബ്സിഡി തുക ഉത്തരവാദിത്തപ്പെട്ട വ്യക്തിയിൽ നിന്ന് ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് താഴെപ്പറയുന്ന പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത്.

1. പ്രൊജക്ട് നമ്പർ 12/15-16 - ബാലസഭ

| | |
|---|---|
| അടങ്കൽ | – 50000 (വികസനഫണ്ട്- ജനറൽ) |
| നിർവ്വഹണം | - ICDS സൂപ്പർവൈസർ . |
| ബിൽ | - 14/ 15-16 തിയതി 19.03.16 – 50000 |

കൃഷ്ണകൃപ ട്രാവൽസ്, കയില്യാട് എന്ന സ്ഥാപനത്തിന്റെ (KL 51-C 7733 / 49 സീറ്റ് ) ബസ്സിൽ 13.2.16, 14.2.16 എന്നീ ദിവസങ്ങളിൽ തിരുവനന്തപുരത്തേയ്ക്ക് യാത്ര പോയതിന്റെ ബസ് ചാർജ് 25000/- രൂപയും, ബാലസഭ വാർഷികാഘോഷം, ഭക്ഷണ ചെലവ്, എന്നിവക്കായി 25000

രൂപയും ആണ് ചെലവഴിച്ചിരിക്കുന്നത്. പഠന യാത്രയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം, പേര്, ക്ലാസ്സ് എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പഠന യാത്രയ്ക്കായി ചെലവഴിച്ച 25000/-രൂപ (രസീതി നം -/13.02.16 /25000/- കൃഷ്ണകൃപ ട്രാവൽസ്, കയില്യാട്) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/24.09.16- ന് മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കാതെ പ്രൊജക്ട് നടപ്പിലാക്കിയതിനാൽ പഠന യാത്രക്കായി ചെലവഴിച്ച 25000/- രൂപ നിരാകരിക്കുന്നു .ചെലവ് തുക 25000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് കെയർ വാഹന വാടക - ടൂറിസ്റ്റ്/ടാക്സി പെർമിറ്റ്, വാഹന നമ്പർ, ട്രിപ്പ് ഷീറ്റ് എന്നിവ ഇല്ലാത്തവയ്ക്കും, ഇരുചക്ര വാഹനങ്ങൾക്കും വാടക നൽകിയത് - ചെലവ് തുക 9600/- രൂപ നിരാകരിക്കുന്നു.

പ്രൊജക്ട് : 95/15-16 – പെയിൻ &പാലിയേറ്റീവ് കെയർ

അടങ്കൽ : 375000/-

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (PHC), ചളവറ.

1. മേൽ പ്രൊജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി വാഹന വാടക നൽകിയതിൽ വൗച്ചർ പ്രകാരമുള്ള വാഹന നമ്പർ പരിശോധിച്ചതിൽ മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം വാഹന രജിസ്ട്രേഷൻ താഴെ പറയുന്ന പ്രകാരമാണ്.

| ക്രമനം | ബിൽ നം | വൗച്ചർ നം | തുക | വാഹന നമ്പർ | മോട്ടോർ വാഹന വകുപ്പിന്റ വെബ്സൈറ്റ് പ്രകാരം | ഉടമ | RTO office |
|---|---|---|---|---|---|---|---|
| 1 | 8/29.3.16/ 51500 | 6/19.3.16 | 750 | KL51B-1348 | Hero honda passion pro | ബഷീർ | മണ്ണാർക്കാട് |
| | | 7/19.3.16 | 750 | KL29-5164 | Maruthi800 (non transport) | കൃഷ്ണകുമാർ | കായംകുളം |
| | | 8/19.03.16 | 850 | KL21B 2834 | Honda CBZ | സതീഷ് | നെടുമങ്ങാട് |
| | | 9/19.03.16 | 850 | KL51-1418 | Hero | ജയകുമാർ | ഒറ്റപ്പാലം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | honda passion plus | | |
| | | ആകെ | 3200 | - | - | | |

2. വാഹന നമ്പർ, ട്രിപ്പ് ഷീറ്റ് എന്നിവ ഇല്ല

താഴെ പറയുന്ന വ്യക്തികൾക്ക് പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി വാഹന വാടക നൽകിയിട്ടുണ്ട്. എന്നാൽ ഉപയോഗിച്ച വാഹനം, തിയ്യതി, പ്രസ്തുത ദിവസങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ആംബുലൻസ് ലഭ്യമല്ലാത്ത കാരണം എന്നിവ വ്യക്തമാക്കിയിട്ടില്ല.

| ക്രമ നം | ബിൽ നം | വൗച്ചർ നം/തിയ്യതി | തുക | കൈപ്പറ്റിയത് |
|---|---|---|---|---|
| 1 | 7/21.3.16 | 9/-ഇല്ല. | 800 | രാമചന്ദ്രൻ, വിഴിക്കാട്ടുകുളമ്പിൽ കയില്യാട്, |
| 2 | ' | 9/20.1.16 | 800 | പ്രസാദ് കെ.പി.,ചളവറ |
| 3 | ; | 10/-ഇല്ല. | 800 | രാമചന്ദ്രൻ, വിഴിക്കാട്ടുകുളമ്പിൽ കയില്യാട് |
| 4 | | 11/- ഇല്ല | 800 | രാമചന്ദ്രൻ, വിഴിക്കാട്ടുകുളമ്പിൽ കയില്യാട് |
| 5 | | 12/21.1.16 | 800 | പ്രസാദ് കെ.പി. ചളവറ |
| 6 | | 13/25.1.16 | 800 | പ്രസാദ് കെ.പി. ചളവറ |
| 7 | | 14/26.1.16 | 800 | പ്രസാദ് കെ.പി. ചളവറ |
| 8 | | 15/23.1.16 | 800 | പ്രസാദ് കെ.പി. ചളവറ |
| | | ആകെ | 6400 | |

പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്നും ആംബുലൻസ് (KL 51 C-2727) അനുവദിച്ചിട്ടുള്ളതാണ്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (GO(rt)3217/2015 /LSGD/29.10.15) ഖണ്ഡിക 2.6(5) ൽ ഹോം കെയർ ടീം വാഹനത്തിന്റെ ഉപയോഗം വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും ആംബുലൻസ് ലഭ്യമല്ലാത്ത കാരണം

വ്യക്തമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 9/24.09.16) വൗച്ചറിൽ വാഹന നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണെന്നും, 19.03.16 ന് പാലിയേറ്റീവ് രോഗീസംഗമം കയില്യാട് ALP സ്കൂളിൽ നടത്തിയതിന് വാഹനം ഉപയോഗിച്ചതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ ആംബുലൻസ് ലോഗ് ബുക്ക് പേജ് നം 197 ൽ 19 03.16 ന് 8.30 AM മുതൽ 5 PM. വരെ പാലിയേറ്റീവ് രോഗീസംഗമ പരിപാടിയ്ക്കായി വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ടൂറിസ്റ്റ്/ടാക്സി പെർമിറ്റ്, വാഹന നമ്പർ, ട്രിപ്പ് ഷീറ്റ് എന്നിവ ഇല്ലാത്തതും, ഇരുചക്ര വാഹനങ്ങൾക്ക് വാഹന വാടക നൽകിയതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക 9600/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ് .

## 3-5 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് അനുവദനീയമല്ല

ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്റ്റ് പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട് .

| പ്രൊജക്റ്റ് നമ്പർ പേര് | ബിൽ നമ്പർ തീയതി തുക | വാങ്ങിയ സ്ഥാപനം | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|
| 91 / 15-16 -പഞ്ചയത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ<br><br>അടങ്കൽ-791950 | 6/18.09.15 – 154000 | Excel Business Systems,<br><br>Erinhipalam PO<br><br>Calicut 673006 | 1.Globus Information KIOSK (1 number) -Invoice No. EBS/288 /27.07.15- Rs.120500/-<br><br>2.Panasonic Multi Media Projector (1 number) -Invoice No. EBS/337/11.08.15- Rs.33500/- |
| ആകെ | 154000 | | 154 |

സർക്കാർ ഉത്തരവ് നമ്പർ 1838/2012/ത.സ്വ.ഭ.വ. തീയതി 03.07.2012 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും ഐ.കെ.എം.

സ്പെസിഫിക്കേഷനോട്ടുകൂടിയതേ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത് എക്സൽ ബിസിനസ്സ് സിസ്റ്റംസ്, എരഞ്ഞിപ്പാലം, കോഴിക്കോട്- ൽ നിന്നുമാണ്. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

## 3-6 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണം വാങ്ങിയിട്ടുണ്ട് .

| പ്രൊജക്ട് നമ്പർ പേര് | ബിൽ നമ്പർ തീയതി,തുക | വാങ്ങിയ സ്ഥാപനം | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|
| 91/15-16 -പഞ്ചയത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 2/17.07.2015 – 584950 | "HALCYON transmission technologies perinthalmanna. | കമ്പ്യൂട്ടറും (8nos), ഹൈസ്പീഡ് സ്കാനറും.(1) കളർ ലേസർ പ്രിന്റർ 1nos),dotmatrix printer 2nos, മോണോ ലേസർ പ്രിന്റർ 5nos, duplex ലേസർ പ്രിന്റർ 1nos, ഒരു ഫോട്ടോസ്റ്റാറ്റ് പ്രിന്റർ, ഫോട്ടോകോപ്പിയർ(1) |
| ആകെ | 584950 | | |

സർക്കാർ ഉത്തരവ് നമ്പർ 1838 / 2012 ത.സ്വ.ഭ.വ. തീയതി 03.07.2012 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും ഐ.കെ.എം. സ്പെസിഫിക്കേഷനോട്ടുകൂടിയതേ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത് Halcyon transmission technologies, പെരിന്തൽമണ്ണയിൽ നിന്നുമാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5 തിയ്യതി 22 .09.2016) സമർപ്പിച്ച മറുപടിയിൽ പ്രൊജക്ടിൽ ഓപ്പൺ ടെണ്ടർ എന്ന് രേഖപ്പെടുത്തി അംഗീകാരം വാങ്ങിയതിനാലാണ് ഇപ്രകാരം നടപ്പിലാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് മാത്രം വാങ്ങൽ നടത്തേണ്ടതാണ്.

## 3-7 പുളിയനംകുന്ന് കുടിവെള്ള പദ്ധതി എം.ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ കുഴൽകിണർ കുഴിച്ചില്ല

പുളിയനംകുന്ന് കുടിവെള്ള പദ്ധതിക്കുവേണ്ടി ഇനം 2 പ്രകാരം 128.5 മീറ്റർ ആഴത്തിൽ 150 mm കുഴൽകിണർ കുഴിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തുകയും ആയതനുസരിച്ച് കൺവീനർക്ക് 600രൂപ/മീറ്റർ നിരക്കിൽ 77100 തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 24.9.2016 2.30pm ന് പഞ്ചായത്ത് സെക്രട്ടറിയുടെയും ഓവർസീയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനാ സമയത്ത് 60 മീറ്റർ (200 അടി) മാത്രമാണ് താഴ്ത്തിയിട്ടുള്ളത് എന്നും 50 അടി കൂടി താഴ്ത്താൻ ആവശ്യപ്പെട്ടപ്പോൾ 200 അടി താഴ്ത്താൻ മാത്രമേ അനുവാദമുള്ളൂ എന്ന് കുഴൽ കിണർ ഏജന്റ് അറിയിച്ചു എന്നും നിലവിലുള്ള പമ്പ് ഓപ്പറേറ്ററും, കൺവീനറും പ്രദേശവാസികളും അറിയിക്കുകയുണ്ടായി. എം. ബുക്കിൽ കൺവീനർ അളവുകൾ സമ്മതിച്ചുകൊണ്ട് ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എം. ബുക്കിനകത്ത് 128.5 മീറ്റർ രേഖപ്പെടുത്തിയത് തന്നെ കാണിച്ചിട്ടില്ലെന്നും കുഴൽ കിണറിനുള്ള മുഴുവൻ തുകയും താൻ വാങ്ങി ഏജന്റിനു നൽകുകയാണ് ഉണ്ടായതെന്നും കൺവീനർ ശ്രീ.ബിനുലാൽ ഓഡിറ്റിനെ അറിയിച്ചു.

പ്രൊജക്റ്റ് നം : 155/15, 63/16

അടങ്കൽ : 350000

ചെലവ് : 319943

ബിൽ നം : 23/15 dt 16.10.2015-300000രൂപ(ബ്ലോക്ക് ഷെയർ)

DD No.042847dt.7.10.2015-19948 രൂപ(തനതുഫണ്ട്)

എം.ബുക്ക് : 743/14-15

കൺവീനർ :ബിനുലാൽ

മേൽ വസ്തുതകളുടെ യാഥാർത്ഥ്യം ഭരണസമിതി അന്വേഷണവിധേയമാക്കേണ്ടതും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 എസ്.സി ഫണ്ട് ഉപയോഗിച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ കോളനിക്ക പുറത്ത് നിർവ്വഹിച്ചു

എസ്.സി ഫണ്ട് ഉപയോഗിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കോളനിക്ക പുറത്തു മാത്രമേ നിർവ്വഹിക്കാൻ പാടുള്ളൂ എന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതിനു വിരുദ്ധമായി 36m നീളത്തിൽ കോൺക്രീറ്റ് പ്രവൃത്തിയും 127m നീളത്തിൽ മെറ്റലിങ് പ്രവൃത്തിയും നടത്തിയിട്ടുള്ളത് കോളനിക്ക പുറത്തുള്ള റോഡിലാണെന്ന് 24.9.2016 2.30pm ന് പഞ്ചായത്ത് സെക്രട്ടറിയുടെയും ഓവർസീയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യമായി.

എ. പ്രവൃത്തി :കുന്നത്തൊടി കനാൽ റോഡ് സോളിങ്

പ്രൊജക്റ്റ് നം : 57/15,40/16

അടങ്കൽ : 300000

ചെലവ് : 296950

ബിൽ നം : 32/15-16 dt 21.12.2015

എം.ബുക്ക് നം. :101/14-15

കൺവീനർ :രാജൻ.ടി.പി

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിപ്പണം ചെലവഴിക്കുന്നത് കുറ്റകരമായതിനാൽ ഭാവിയിൽ ഇവ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - ഗുണഭോക്തൃസമതികളെ ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറണമെന്നും അവയുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ കമ്മറ്റിയുടെ ചുമതലയാണ് എന്നും 06.06.2002 ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(എം.എസ്) 20/2002 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം ഇവയുടെ നടത്തിപ്പിനാവശ്യമായ തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വിധത്തിൽ ന്യായമായ തുക വെള്ളക്കരമായി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല. നിലവിലുള്ള 18 കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജും 5 പമ്പ് ഓപ്പറേറ്റർമാർക്കുള്ള വേതനവും അനുബന്ധ ചെലവുകളുമായി 2015-16 സാമ്പത്തിക വർഷത്തിൽ 1417546/- രൂപ പഞ്ചായത്ത് ചെലവഴിച്ചപ്പോൾ വെള്ളക്കരം ഇനത്തിൽ 568260/- രൂപ മാത്രമാണ് പഞ്ചായത്തിന് വരവുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് നേരിട്ടു നടത്തുന്ന കുടിവെള്ള പദ്ധതികളുടെ എണ്ണം | 18 |
| വൈദ്യുതി ചാർജ്ജ് | 613849 |
| വേതനം | 414965 |
| അറ്റകുറ്റപണികൾ | 388732 |

| | |
|---|---|
| ആകെ ചെലവ് | 1417546 |
| ഈടാക്കിയ വെള്ളക്കരം | 568260 |
| അധിക ബാദ്ധ്യത | 849286 |

ഓഡിറ്റ് വർഷത്തിൽ കുടിവെള്ള പദ്ധതിയുടെ വരവും പരിപാലന ചെലവും തമ്മിൽ 849286/- രൂപയുടെ വ്യത്യാസം ഉണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മറ്റികളെ ഏല്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 കൺവീനർ പ്രവൃത്തികളിലെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

കൺവീനർ പ്രവൃത്തികളുടെ നടത്തിപ്പിനുവേണ്ടി ഗുണഭോക്തൃ കമ്മിറ്റി കൃത്യമായി യോഗം ചേരേണ്ടതും ഇവ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിവെക്കേണ്ടതുമാണ്. കൂടാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിനുശേഷം വരവു-ചെലവുകൾ കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ മിക്ക കൺവീനർ പ്രവൃത്തികളിലും മിനിട്സ് ബുക്ക് സൂക്ഷിക്കുകയോ വരവു-ചെലവുകൾ കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

എ. പ്രവൃത്തി :ചിറയിൽ കോളനി റോഡ് കോൺക്രീറ്റിങ്

പ്രൊജക്റ്റ് നം :27/16

അടങ്കൽ : 350000

കൺവീനർ :ഉണ്ണികൃഷ്ണൻ.സി

ബി. പ്രവൃത്തി :കൌണിക്കുളം റോഡ് കോൺക്രീറ്റിങ് പൂർത്തീകരണം

പ്രൊജക്റ്റ് നം :165/16

അടങ്കൽ : 300000

കൺവീനർ :ഉണ്ണീൻ.സി

സി.പ്രവൃത്തി :കുഞ്ഞുകുറുശ്ശി പുലാക്കാട് പറമ്പ് റോഡ് സോളിങ്

പ്രൊജക്റ്റ് നം :148/16

അടങ്കൽ : 150000

കൺവീനർ :പുഷ്പചന്ദ്രൻ

നടപടിക്രമങ്ങൾ പാലിക്കുന്നതിനും രേഖകൾ കൃത്യമായി സക്ഷിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ടെന്റർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ ലഭ്യമായ ടെന്റർ ഫോറങ്ങൾ അസി.എഞ്ചിനീയർക്ക് വിതരണം ചെയ്യുമ്പോൾ ഇവ അസി.എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല. നിർവ്വഹണം നടത്തുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെന്റർ ഫോറത്തിന് 300 രൂപ മുതൽ 25000 രൂപ വരെ വില ലഭ്യമാകുമെന്നിരിക്കെ പഞ്ചായത്തിൽ നിന്നും ഇവ ലഭിക്കുന്നതും കരാറുകാർക്ക് വിതരണം ചെയ്യുന്നതും സ്റ്റോക്കിലെടുക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ ടെന്റർ ഫോറങ്ങൾ ലഭിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും എണ്ണം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

1. IAY വിഹിതം നൽകൽ പ്രൊജക്ടുകളുടെ ഭാഗമായി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം, പേര് | ബിൽ നം / തിയ്യതി /തുക | ഡി.ഡി.നം /തിയതി | തുക |
|---|---|---|---|
| s03/15-16 ഐ എ വൈ അധിക വിഹിതം (ജനറൽ) | 1)3//29.12.15/ 211207 | 043755/12.01.16 043755/12.01.16 | 211207 678493 |
| | 2)4/26.2.16/ 678493 | | 889700 |
| s04/15-16, ഐ എ വൈ അധിക വിഹിതം (എസ് സി പി) | 2/29.12.15/ 1267500 | 043754/12.01.16 | 1267500 |

ഐ എ വൈ ഭവനനിർമ്മാണത്തിനായി കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 6/.22.09.16. ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖാന്തരം അപേക്ഷിച്ചിട്ടുണ്ട് എന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

2. 2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ പ്രൊജക്ടിന്റെ ഭാഗമായി ജില്ലാ പ്രൊജക്ട് ഓഫീസർ, എസ് എസ് എ -പാലക്കാടിനു തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് : 1/15-16 എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ : 400000 രൂ

ചെലവ് : 400000രൂ -ഡി ഡി നം. : 043110/31.10.15

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 375000 | സമഗ്ര നെൽകൃഷി വികസനം | 0 | 375000 |
| | 225000 | “ “ | 0 | 225000 |
| ബ്ലോക്ക് പഞ്ചായത്ത് | 1080000 | കക്കൂസ് നിർമ്മാണം | 0 | 1080000 |
| കേന്ദ്ര ഫണ്ട് | 500000 | അംഗണവാടി അനുപൂരക പോഷകാഹാരം | 451460 | 48540 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | വെമ്പലക്കുപടം കയിലിയാട് കുടിവെള്ള പദ്ധതി | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | പുലിയനാകുന്ന് കോളനി കുടിവെള്ള പദ്ധതി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 134059 | ബഡ്സ് സ്കൂൾ കെട്ടിടത്തിന് | 51840 | 82219 |

| | | | | |
|---|---|---|---|---|
| | | പശ്ചാത്തല സൗകര്യം ഒരുക്കൽ | | |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ | 0 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | പുളിംകളം ചേറമ്പറ്റക്കാവ് റോഡ് റീടാറിങ് | 0 | 300000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34564665 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51643699 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60192 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 24993 | 7000/- രൂപ അനഷ.എ.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ<br>17993/- രൂപ പ്രഭാകരൻ.എൻ.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 599 | പ്രഭാകരൻ.എൻ.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 25000 | ഉഷാദേവി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-4 | | 9600 | ഡോ മിനി,<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |
| | | 60192 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഒന്നുമില്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ</u>

വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനുഷ.എ.ആർ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വാണിയംകുളം ഗ്രാമപഞ്ചായത്ത് | ആര്യാംപള്ളം വീട്<br>ചിറ്റൂർ (പി.ഒ)<br>പാലക്കാട്-678101 |
| പ്രഭാകരൻ. എൻ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>ചളവറ ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രഭ<br>കീഴ്പ്പാടം<br>മുണ്ടൂർ (പി.ഒ.)<br>പാലക്കാട്-678592 |
| ഉഷാദേവി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | വിരമിച്ചു | കങ്കണത്ത് വീട് (അനുഗ്രഹ)<br>കവളപ്പാറ (പി ഒ)<br>പാലക്കാട് 679523 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1996-97 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 1997-98 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 1998-99 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 1999-00 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 2000-01 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 2001-02 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 2002-03 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 2003-04 | LFP 14/1753/08/24.10.2009 | ഫർദർ റിമാർക്സ് |
| 2004-05 | LFP 14/1643/11/29.09.11 | മോണിറ്ററിംഗ് സമിതി |
| 2005-06 | LFP 14/1643/11/29.09.11 | മോണിറ്ററിംഗ് സമിതി |
| 2006-07 | LFP 14/58/2009/26.03.09 | ഫർദർ റിമാർക്സ് |
| 2007-08 | LFP16 /2024/12/16.07.13 | ഫർദർ റിമാർക്സ് |
| 2008-09 | LFP16/612/12/16.08.13 | ഫർദർ റിമാർക്സ് |
| 2009-10 | LFP16/1298/13/05.02.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | LFP16/1298/13/05.02.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | LFP16/1275/14/07.10.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14<br>2014-15 | KSA-PKD-P16/1236/16/20.07.16 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്